(എ) മാള നിയോജകമണ്ഡലത്തിൽ പൂപത്തിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പഴ സംസ്കരണ യൂണിറ്റായ കേരള സമഗ്രാ ഫ്രൂട്സ് പ്രോഡക്ടസിന്റെ 'ജ്യോതി' എന്ന പേരിലുള്ള മാമ്പഴച്ചാർ കുപ്പികളിൽ നിറയ്ക്കുന്നതിനുള്ള ഒരു ഫാക്ടറി മാളയിൽ ആരംഭിക്കുന്നതിന് 54 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതിക്ക് കോർപ്പറേഷന്റെ ബോർഡ് യോഗം അംഗീകാരം നൽകുകയും ഇതിനായി കൊടുങ്ങല്ലൂർ താലൂക്കിൽ പൊയ്യ വില്ലേജിൽ സർവെ നമ്പർ 225/2-ൽ 98.3 സെന്റ് സ്ഥലം വാങ്ങുകയും ചെയ്തു. തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കഴിയുംവേഗം ആരംഭിക്കുവാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

മാമം നാളികേര വികസന കോർപ്പറേഷൻ യൂണിറ്റ്

142(196) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമത്ത് പ്രവർത്തിച്ചു വന്നിരുന്ന നാളികേര വികസന കോർപ്പറേഷൻ യൂണിറ്റ് അടച്ചുപൂട്ടിയിട്ട് എത്ര വർഷം ആയി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാർ പണിയെടുത്തിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) തൊഴിൽ നഷ്ടപ്പെട്ട അവിടത്തെ ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യം മുഴുവനും നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) തൊഴിൽ നഷ്ടപ്പെട്ടവർക്ക് പകരം തൊഴിൽ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) ആറ്റിങ്ങൽ മാമത്ത് പ്രവർത്തിച്ചു വന്നിരുന്ന നാളികേര വികസന കോർപ്പറേഷന്റെ യൂണിറ്റ് 1996 ജനുവരി മാസം മുതൽ പ്രവർത്തന രഹിതമായി കിടക്കുന്നു.

(സി) ഈ സ്ഥാപനത്തിൽ 54 താത്ക്കാലിക ജീവനക്കാരും 50 സ്ഥിരം ജീവനക്കാരും പണിയെടുത്തിരുന്നു.

(ഡി) ബാദ്ധ്യതകൾ തീർത്ത മുഴുവൻ ജീവനക്കാർക്കും ഇതുവരെ ലഭ്യമാക്കിയിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്.

(ഇ) കോർപ്പറേഷൻ നടപ്പിലാക്കിയ "സ്വയം പിരിഞ്ഞുപോകൽ പദ്ധതി" പ്രകാരം അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യവും പറ്റി കോർപ്പറേഷനിൽനിന്നും സ്വയം പിരിഞ്ഞു പോയതിനാൽ പകരം തൊഴിൽ നൽകുന്ന കാര്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly